**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**

**(2023-2026)**

**പതിനഞ്ചാമത് റിപ്പോർട്ട്**

**[സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതവിനിയോഗം സംബന്ധിച്ച്]**

(2024 ജൂലൈ 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

## പതിനഞ്ചാം കേരള നിയമസഭ

### എസ്റ്റിമേറ്റ്സ് കമ്മിറ്റി
### (2023-2026)

### പതിനഞ്ചാമത് റിപ്പോർട്ട്

**[സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതവിനിയോഗം സംബന്ധിച്ച്]**

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)

**ഘടന**

**ചെയർപേഴ്സൺ**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**അംഗങ്ങൾ**

ശ്രീ. ആന്റണി രാജു

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി.

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026) യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സാമൂഹ്യനീതി വകുപ്പിനെ സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയും വകുപ്പിൽ നിന്ന് വിവരശേഖരണം നടത്തുകയും ആയത് അപഗ്രഥിക്കുകയും അധികവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു . സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതവിനിയോഗം സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പിന്റെയും അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ മാസം 4-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
*ചെയർപേഴ്സൺ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂലൈ 9.

## റിപ്പോർട്ട്

ലോകം വികസനത്തിന്റെ വീഥിയിലൂടെ അനുസ്യൂതം ചലിക്കുന്ന വർത്തമാന കാലഘട്ടത്തിലും സമസ്തമേഖലകളുടെയും പുരോഗതിക്കു വിലങ്ങുതടിയായി നിലകൊള്ളുന്ന ചില ഗുരുതരപ്രശ്നങ്ങൾ നിലവിലുണ്ട് . ദാരിദ്ര്യം, തൊഴിലില്ലായ്മ, പാർശ്വവൽക്കരണം, ലിംഗവിവേചനം, മനുഷ്യാവകാശ ധ്വംസനം, സാമൂഹിക അരക്ഷിതാവസ്ഥ എന്നീ തിന്മകൾ സാമൂഹിക സന്തുലിതാവസ്ഥയ്ക്ക് ഭീഷണിയായി ഇന്നും വ്യാപകമായി കാണപ്പെടുന്നു. സാമൂഹ്യനീതി ഒരു ധാർമ്മിക അനിവാര്യത മാത്രമല്ല ദേശീയ സ്ഥിരതയുടെയും ആഗോള ക്ഷേമത്തിന്റെയും അടിസ്ഥാനം കൂടിയാണ്. കഴിവുകൾ, അവസരങ്ങൾ, പരിഗണന എന്നിവ തുല്യമാവുകയും സാമൂഹിക പ്രതിബദ്ധതയിലൂടെ സാമൂഹ്യനീതി സാധ്യമാവുകയും ചെയ്യേണ്ടതാണ്.

2) മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളും ഉന്നത ആരോഗ്യനിലവാര സൂചികകളും കൈമുതലായുള്ള സംസ്ഥാനത്തിൽ ഒത്തൊരുമയും സാമൂഹ്യബോധവുമുള്ള ജനതയാണ് ഇന്ന് നിലനിൽക്കുന്നത് . ജനങ്ങളുടെ സാമൂഹ്യബോധവും പ്രതിബദ്ധതയും ഉൾക്കൊണ്ട് അവരെ സഹായിക്കുന്നതിനും സഹാനുഭൂതിയോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി രൂപീകൃതമായ വകുപ്പാണ് സാമൂഹ്യനീതി.

3) സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതവിനിയോഗം (ധനാഭ്യർത്ഥന XLVI – മുഖ്യശീർഷകം 2235, 4235, 6235 എന്നിവ) സംബന്ധിച്ച് പഠനം നടത്താൻ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014) തീരുമാനിച്ചതിനെത്തുടർന്ന് വകുപ്പിൽ നിന്നും പ്രാഥമിക വിവര റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലിയിൻമേൽ വകുപ്പിൽ നിന്ന് മറുപടി ലഭ്യമാക്കുകയും ആയത് സമിതി പരിഗണിക്കുകയും ചെയ്തു. 2017-ൽ

സാമൂഹ്യനീതി വകുപ്പ്, വനിതാശിശുവികസനം, സാമൂഹ്യനീതി എന്നീ രണ്ടു വകുപ്പുകളായി വിഭജിച്ച സാഹചര്യത്തിൽ സാമൂഹ്യനീതി , വനിതാശിശുവികസനം എന്നിവ രണ്ട് വ്യത്യസ്ത വിഷയങ്ങളായി പരിഗണിച്ച് രണ്ട് വകുപ്പുകളുടെയും ബഡ്ജറ്റ് വിഹിതവിനിയോഗം പ്രത്യേകമായി എടുത്ത് പഠനം നടത്തുവാൻ സമിതി (2021-23) തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും വകുപ്പുദ്യോഗസ്ഥരിൽ നിന്ന് 03.07.2023-ൽ തെളിവെടുപ്പ് നടത്തുകയും ചെയ്തു. സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതവിനിയോഗം സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി, വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും നടത്തിയ തെളിവെടുപ്പിന്റെയും പഠനങ്ങളുടെയും മറ്റ് അനുബന്ധരേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

4) ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പത്തെ അടിസ്ഥാനമാക്കി സമൂഹത്തിൽ അവശത അനുഭവിക്കുന്ന എല്ലാവർക്കും നീതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 1975 സെപ്റ്റംബർ 9 മുതലാണ് സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് പ്രവർത്തനമാരംഭിച്ചത്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളുടെ ഉന്നമനമാണ് സാമൂഹ്യനീതി വകുപ്പിന്റെ പ്രധാനദൗത്യം. പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ അവകാശങ്ങളും ആവശ്യങ്ങളും കൃത്യമായി മനസ്സിലാക്കി ഇടപെടലുകൾ നടത്തുന്നതിന് പ്രതിജ്ഞാബദ്ധമായി വകുപ്പ് എന്നും പ്രവർത്തിക്കുന്നുമുണ്ട്.

5) സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, നിഷ് (National Institute of Speech and Hearing), കേരള സാമൂഹ്യക്ഷേമ ബോർഡ്, ഓർഫനേജ് കൺട്രോൾ ബോർഡ്, നിപ്മെർ (National Institute of Medicine and Rehabilitation) തുടങ്ങിയ ഏഴ് സ്ഥാപനങ്ങളുടെയും പ്രവർത്തനമാണ് വകുപ്പ് വഴി നടപ്പാക്കുന്നത്.

6) സംസ്ഥാനത്ത് ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ,

തടവുകാർ, മുൻ തടവുകാർ , മറ്റ് ദുർബലജനവിഭാഗം തുടങ്ങിയവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളുമാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നത്. സാമൂഹ്യനീതി വകുപ്പിന് കീഴിൽ 16 വൃദ്ധസദനങ്ങൾ, 6 ആശ ഭവനുകൾ, ഹോം ഫോർ മെന്റലി ഡെഫിഷന്റ് ചിൽഡ്രൻ (HMDC), പ്രത്യാശഭവൻ, പ്രതീക്ഷഭവൻ, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള കെയർഹോം , പ്രിയ ഹോം-കൊല്ലം, ട്രാൻസിറ്റ് ഹോം-കൊല്ലം എന്നിവ ഓരോന്നു വീതവും, ഭിന്നശേഷിക്കാർക്കുള്ള ഹോം 3 എണ്ണവും ഉൾപ്പെടെ 31 ക്ഷേമസ്ഥാപനങ്ങളും 2 തൊഴിൽ പരിശീലനകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

7) സാമൂഹ്യനീതി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ബഡ്ജറ്റിൽ അനുവദിക്കുന്ന തുക പദ്ധതി നടത്തിപ്പിനായി ചെലവാക്കുകയും ചെയ്യുന്നുണ്ടെങ്കിലും വകുപ്പിന്റെ നേരിട്ടുള്ള പ്രവർത്തനങ്ങൾ ജില്ലാതലംവരെ നടപ്പാക്കാൻ മാത്രമേ വകുപ്പിന് സാധിക്കുന്നുള്ളൂ. ആയതിനാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് താഴെത്തട്ടിലെ ജനങ്ങൾക്കു വരെ പദ്ധതിയുടെ ഗുണം എത്തിക്കുന്നതിനുമായി വകുപ്പിന്റെ പ്രവർത്തനമണ്ഡലം എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8) സാമൂഹ്യനീതി വകുപ്പിന് ബജറ്റിൽ അനുവദിക്കുന്ന തുകയിൽ തുടർച്ചയായി 15 മുതൽ 20 ശതമാനം തുക ട്രഷറിയിൽ ways and means പരിഗണനയിലാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജനതയ്ക്കായുള്ള (ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വിഭാഗം) പദ്ധതികൾ ആവിഷ്കരിക്കുന്ന വകുപ്പായതിനാൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. ഫണ്ട് അനുവദിച്ച് പാസാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് നീതി നിഷേധമാണ്. സാമൂഹ്യനീതി വകുപ്പിന് അനുവദിക്കുന്ന ഫണ്ട് മുഴുവൻ അതാത് സാമ്പത്തിക വർഷം തന്നെ പാസാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഭിന്നശേഷിക്കാർ**

9) സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളെ അപേക്ഷിച്ച് നിത്യജീവിതത്തിൽ

വ്യത്യസ്തമായ വെല്ലുവിളികളെ നേരിടുന്നവരാണ് ഭിന്നശേഷിയുള്ളവർ. സാധാരണ മനുഷ്യർക്ക് പൊതുവേ നിർവ്വഹിക്കാൻ കഴിയുന്ന മാനസികവും ശാരീരികവുമായ പ്രവർത്തനങ്ങൾ അതേവിധം നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയെയാണ് ഭിന്നശേഷിയെന്നു പറയുന്നത്. 2001 വർഷത്തിലെ സെൻസസ് പ്രകാരം ഭാരതത്തിലെ ജനസംഖ്യയുടെ ഏകദേശം 2.1 ശതമാനത്തോളം ഭിന്നശേഷിക്കാരാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്ത് 2015-ൽ പ്രസിദ്ധീകരിച്ച ഭിന്നശേഷിക്കാരുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 22 തരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 7,94,834 പേരെ കണ്ടെത്തിയിട്ടുണ്ട്. ഭരണഘടന അനുശാസിക്കുംപ്രകാരം ഇവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിൽ വ്യാപരിക്കുന്നതിനായി പ്രത്യേക പരിഗണനയോടു കൂടിയുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. എല്ലാ പൗരൻമാർക്കുമൊപ്പം ഭരണഘടന അനുശാസിക്കുന്ന സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവ ഉറപ്പുവരുത്തുന്നതിന് ഭിന്നശേഷിക്കാർക്കായി ഒട്ടനവധി സമഗ്ര പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു.

10) ഭിന്നശേഷിഅവകാശ നിയമം, 2016 സെക്ഷൻ 40 പ്രകാരം അഞ്ച് വർഷകാലയളവിൽ പൊതുഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഇതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും ക്യാപിറ്റൽ സിറ്റി, പൊതുകെട്ടിടങ്ങൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് കേന്ദ്രസർക്കാർ ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയ്ക്ക് രൂപം നൽകിയിരിക്കുന്നു. ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശാധിഷ്ഠിത സാമൂഹിക മുന്നേറ്റം ഉറപ്പാക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി കേരളത്തിലെ എല്ലാ സർക്കാർ/പൊതുമേഖലാ ഓഫീസുകൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, പാതകൾ, പാർക്കുകൾ എന്നിവ പ്രതിബന്ധമുക്തവും ഭിന്നശേഷി സൗഹൃദാന്തരീക്ഷം ഉള്ളതുമാക്കാൻ ഉദ്ദേശിച്ച് ആരംഭിച്ച പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള പദ്ധതി'. ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയുടെ ഒന്നാംഘട്ടമായി തിരുവനന്തപുരം ജില്ലയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേക്കായുള്ള പ്രവൃത്തികൾ

പുരോഗമിച്ചുവരുന്നുവെന്നും പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 23 കെട്ടിടങ്ങൾ കണ്ടെത്തി ഭിന്നശേഷിസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബാരിയർ ഫ്രീ കേരള , ആക്സസിബിൾ ഇന്ത്യാ ക്യാംപെയിൻ എന്നീ പദ്ധതികളിലൂടെ എല്ലാ പൊതുസ്ഥലങ്ങളും ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11) ഭിന്നശേഷി മൂലം സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവരുടെ പെൺമക്കളെയും/ ഭിന്നശേഷിയുള്ള പെൺകുട്ടികളെയും വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചെലവിലേയ്ക്കായുള്ള ഒറ്റത്തവണ സഹായപദ്ധതിയാണ് പരിണയം. ഇതിന്റെ ഗുണഭോക്താക്കൾക്ക് 30,000/- രൂപയാണ് ലഭിക്കുന്നത്. അപേക്ഷകരായ ഭിന്നശേഷിയുള്ള വ്യക്തിയുടെയും കുടുംബത്തിന്റെയും എല്ലാ ഇനത്തിലും കൂടിയുള്ള മൊത്തവരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ അധികരിക്കാൻ പാടില്ലായെന്നും വിവാഹം നിശ്ചയിച്ചിട്ടുള്ള തീയതിയ്ക്ക് ഏറ്റവും കുറഞ്ഞത് ഒരു മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിക്കുന്നവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതെന്നും വ്യവസ്ഥയുണ്ട് . എന്നാൽ പദ്ധതി സംബന്ധിച്ച അജ്ഞത മൂലം അപേക്ഷകൾ സമർപ്പിക്കുന്നത് വൈകുന്നതുകാരണം ധാരാളം പേർക്ക് സഹായധനം നഷ്ടമാകുന്ന അവസ്ഥയുണ്ടാകുന്നു . ആയതിനാൽ 'പരിണയം' പദ്ധതി സംബന്ധിച്ച പ്രചാരണം ഭിന്നശേഷിക്കാരുടെ ഇടയിൽ എത്തിക്കുന്നതിനായുള്ള നടപടി കൂടുതൽ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12) പരിണയം പദ്ധതിയ്ക്ക് അനുവദിക്കുന്ന തുക ഇന്നത്തെ കാലത്ത് തികച്ചും അപര്യാപ്തമായതിനാൽ 'പരിണയം' ഒറ്റത്തവണ സഹായതുക കാലോചിതമായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13) 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് ചാപ്റ്റർ III സെക്ഷൻ 16(i) പ്രകാരം ഭിന്നശേഷിക്കാർക്ക് കലാകായിക രംഗങ്ങളിൽ തുല്യത

ഉറപ്പുവരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . ഈ മേഖലകളിൽ അഭിരുചിയും പ്രാവീണ്യവും ഉള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ് /കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ശ്രേഷ്ഠം'. കലാ-കായിക ഇനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കലാകായിക മികവ് ഉണ്ടെങ്കിലും സാമ്പത്തിക പരാധീനത മൂലം തങ്ങളുടെ കഴിവുകളെ വളർത്തിയെടുക്കുന്നതിന് കഴിയാത്ത അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്ക് തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുവാനും , അതിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഒരു ജില്ലയിലെ കലാമേഖലയിൽ നിന്നുള്ള 5 പേർക്കും കായിക മേഖലയിൽ നിന്നുള്ള 5 പേർക്കുമായി ആകെ 10 പേർക്ക് 10,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നു. പദ്ധതി സംബന്ധിച്ച അവബോധം ഭിന്നശേഷിക്കാർ ക്കിടയിൽ കുറവായതിനാലാണ് ശ്രേഷ്ഠം പദ്ധതിയ്ക്കായുള്ള അപേക്ഷകരുടെ എണ്ണം കുറവായതെന്ന് സമിതി മനസ്സിലാക്കുന്നു, ആയതിനാൽ 'ശ്രേഷ്ഠം' പദ്ധതിയുടെ പ്രചാരണം ഭിന്നശേഷിക്കാർക്കിടയിൽ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപർശ ചെയ്യുന്നു.

14) കളികളും കായികപ്രവർത്തനങ്ങളും വ്യക്തിയുടെ ശാരീരികവും മാനസികവുമായ വളർച്ചയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് . ശരീരഭാര നിയന്ത്രണത്തിനും പേശികൾ, എല്ലുകൾ എന്നിവയെ ബലപ്പെടുത്താനും കായികപ്രവർത്തനങ്ങൾ സഹായിക്കും . ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വളരെ പരിമിതമായി മാത്രമേ കായികപ്രവൃത്തിയിൽ ഏർപ്പെടുന്നതിന് സാധിക്കുകയുള്ളൂ. ഇത് പലവിധത്തിലുള്ള ജീവിതശൈലി രോഗങ്ങൾക്ക് കാരണമാകാറുണ്ട്. ആയതിനാൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ കായികമത്സരങ്ങൾ നിലവിൽ ഭിന്നശേഷി വിഭാഗം /ഉപവിഭാഗങ്ങൾക്കെല്ലാം ഗുണകരമായ രീതിയിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇൻക്ലൂസീവ് സ്പോർട്സ് ക്ലാസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുസൃതമായ രീതിയിൽ

മത്സരരീതി ക്രമീകരിക്കേണ്ടതാവശ്യമാണ്. ആയതിനാൽ നിലവിലുള്ള ഇത്തരം കായികസംവിധാനങ്ങൾ കൂടുതൽ ഭിന്നശേഷി സൗഹൃദപരമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15) ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ രോഗാവസ്ഥയിലുള്ളവരുടെ സംരക്ഷണം ഉറപ്പുവരുത്താൻ 1999-ൽ നിലവിൽ വന്നതാണ് നാഷണൽ ട്രസ്റ്റ് ആക്ട്. ഈ രോഗാവസ്ഥയിലൂടെ കടന്നു പോകുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും ശക്തമായ പിന്തുണ നൽകുന്ന സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുകയും അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കുകയുമാണ് ആക്ടിന്റെ പ്രധാന ഉദ്ദേശ്യം. എന്നാൽ ഈ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ കേരളത്തിൽ കുറവായതിനാൽ ആയതിന്റെ പ്രയോജനം ലഭിക്കുന്നവരുടെ എണ്ണവും കുറവാണ് . ആക്ടിന്റെ കീഴിൽ പദ്ധതികൾ നടപ്പിലാക്കേണ്ടത് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയാണ്. വീടുകളിൽ ചെന്ന് പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കേണ്ടത് കമ്മിറ്റിയാണ്. എന്നാൽ പല ജില്ലകളിലും കമ്മിറ്റിയുടെ പ്രവർത്തനം അവതാളത്തിലാണ്. ആയതിനാൽ നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പ്രയോജനം നിയമം അനുശാസിക്കും പ്രകാരം എല്ലാവരിലേയ്ക്കും എത്തിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16) നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഓട്ടിസം , സെറിബ്രൽ പാൾസി , ബൗദ്ധികവെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ചവർക്കായുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് 'നിരാമയ' ആരോഗ്യ ഇൻഷുറൻസ് പദ്ധതി. ഒരു ലക്ഷം രൂപ വരെ വാർഷികചികിത്സാ ചെലവ് നൽകുന്ന കേന്ദ്രസർക്കാർ പദ്ധതിയാണെങ്കിലും ഇതിൽ അംഗങ്ങളാകുന്നതിന് ഗുണഭോക്താവ് അടയ്ക്കേണ്ട പ്രീമിയം തുക സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പു വഴി അടച്ച് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുനൽകിയിരുന്നു . പദ്ധതിയിൽ അംഗങ്ങളായവർക്ക് എല്ലാ വർഷവും സംസ്ഥാന സർക്കാർ പ്രീമിയം തുക അടച്ച് പുതുക്കുകയും ചെയ്തിരുന്നു . പദ്ധതിയിൽ ചേരുന്നതിന് എ.പി.എൽ. വിഭാഗം 500 രൂപയും, ബി.പി.എൽ. വിഭാഗം 250 രൂപയും പദ്ധതി പുതുക്കുന്നതിന് യഥാക്രമം 250, 50 എന്നിങ്ങനെയുമാണ് പ്രീമിയം തുക

അടയ്ക്കേണ്ടത്. രാജ്യത്താകെ ഒരു ലക്ഷം പേർക്കാണ് നിരാമയ പദ്ധതിയിൽ അംഗങ്ങളാകുന്നതിന് നാഷണൽ ട്രസ്റ്റ് അവസരം നൽകുന്നത്. ഇതിൽ 49,685 പേരെ ചേർത്തുകൊണ്ട് കേരളം ഒന്നാംസ്ഥാനത്ത് നിൽക്കുമ്പോൾ ഫണ്ടിന്റെ അപര്യാപ്തത മൂലം നിലവിൽ പ്രീമിയം അംഗങ്ങൾ തന്നെ അടയ്ക്കേണ്ട സ്ഥിതിയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ആയതിനാൽ നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി സംസ്ഥാനത്ത് മുൻപ് തുടർന്നിരുന്നതുപോലെ പൂർണ്ണമായും സൗജന്യമാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17) നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെടുന്ന ഓട്ടിസം , സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ചവരുടെ പരിചരണവും പുനരധിവാസവും മറ്റ് ഭിന്നശേഷിക്കാരെ അപേക്ഷിച്ച് പ്രയാസകരമാണ്. ഇവരുടെ കുടുംബങ്ങളിൽ ഇവരെ സംരക്ഷിക്കുന്നത് അമ്മമാരായിരിക്കും. ഇവരിൽ പലരും അച്ഛൻ ഉപേക്ഷിക്കുകയോ മരണപ്പെടുകയോ ചെയ്തവരായിരിക്കും. ഇവർ വരുമാനമാർഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തവരായിരിക്കും . ഇത്തരം ഭിന്നശേഷിക്കാരുടെ നിർധനരായ അമ്മമാർക്ക് സ്ഥിരമായ ഒരു ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന 'സ്നേഹായനം' എന്ന പദ്ധതി പ്രകാരം സൗജന്യമായി ഇലക്ട്രിക് ഓട്ടോ നൽകുന്നുണ്ട്. ഇവർക്ക് തങ്ങളുടെ കുട്ടികളെ സ്കൂളുകളിലോ, തെറാപ്പി സെന്ററുകളിലോ മറ്റ് അത്യാവശ്യങ്ങൾക്കോ എത്തിക്കുന്നതിനും മറ്റ് ഒഴിവുസമയങ്ങളിൽ വാടകയ്ക്ക് ഓട്ടം നടത്തി വരുമാനമുണ്ടാക്കുന്നതിനും ഉതകുന്നതരത്തിൽ ജില്ലകളിൽ നിന്നും കണ്ടെത്തുന്ന അമ്മമാർക്ക് സൗജന്യമായി ഇലക്ട്രിക് ഓട്ടോ നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം ഒരു ജില്ലയിൽ 30 പേർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. എന്നാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അമ്മമാർക്ക് വളരെയധികം സഹായം ആകുന്ന പദ്ധതി എന്ന നിലയിൽ അപേക്ഷിക്കുന്ന എല്ലാവർക്കും 'സ്നേഹായനം' പദ്ധതി പ്രകാരം ഓട്ടോ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18) കോവിഡ്-19 മഹാമാരി കാരണം വീടുകളിൽ തന്നെ അടച്ചുകഴിയേണ്ടിവന്ന

ഭിന്നശേഷിക്കാരും അവരെ സംരക്ഷിക്കുന്ന കുടുംബങ്ങളും കടുത്ത മാനസിക സമ്മർദ്ദം അനുഭവിച്ചിരുന്നു. ഇങ്ങനെയുള്ള ഭിന്നശേഷിക്കാർ പലപ്പോഴും അക്രമങ്ങളിലേയ്ക്കും സ്വഭാവവൈകല്യങ്ങളിലേയ്ക്കും എത്തിപ്പെട്ടിരുന്നു. സർക്കാരിന്റെ വാതിൽപ്പടി സേവനം ഭിന്നശേഷിക്കാർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഇവർക്ക് മാനസിക പിന്തുണയും അവശ്യസേവനങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനുമായാണ് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സഹജീവനം' ഭിന്നശേഷി സഹായകേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ആരംഭിച്ചിരുന്നത് . വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ആരോഗ്യം, വനിതാ ശിശുവികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയും ഏകോപനത്തോടെയും കൂടി ആണ് വകുപ്പ് പദ്ധതി നടപ്പിലാക്കിയിരുന്നത്. സംസ്ഥാനത്ത് നാഷണൽ ട്രസ്റ്റ് ലോക്കൽ ലെവൽ കമ്മിറ്റികളുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂൾ , ബഡ്സ് സ്കൂൾ, സമഗ്ര ശിക്ഷ കേരളയിലെ സ്പെഷ്യൽ എഡ്യുക്കേറ്റർമാർ എന്നിവരെ വാളണ്ടിയർമാരായി തെരഞ്ഞെടുത്ത് എല്ലാ പ ഞ്ചായത്തിലും ഈ പദ്ധതി നടപ്പിലാക്കിയിരുന്നു. പദ്ധതിയിലേയ്ക്ക് സന്നദ്ധരായി എത്തിയ മൂവായിരത്തോളം വാളണ്ടിയർമാരെ ഇതിനായി പരിശീലനം നൽകി സജ്ജരാക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ഈ പദ്ധതി നിലവിൽ പ്രവർ ത്തിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു.

19) <u>വീടുകളിൽ കഴിയേണ്ടിവരുന്ന നാഷണൽ ട്രസ്റ്റ് വൈകല്യങ്ങളുള്ള (ബുദ്ധിവൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി) ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരാൻ സഹായകരമായിരുന്ന പദ്ധതിയായ 'സഹജീവനം' പദ്ധതി പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

20) മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികളെ 18 വയസ്സുവരെ മാത്രമേ സ്പെഷ്യൽ ബഡ്സ് സ്കൂളുകളിൽ പ്രവേശിപ്പിക്കാൻ സാധിക്കുകയുള്ളൂ . മാതാപിതാക്കൾ തങ്ങളുടെ കാലശേഷം കുട്ടികളുടെ സംരക്ഷണം അനിശ്ചിതത്വത്തിലാണെന്ന് കരുതുന്നു. നാഷണൽ ട്രസ്റ്റ് വൈകല്യങ്ങളുള്ള കുട്ടികളുടെ പുനരധിവാസത്തിനും സുരക്ഷിതത്വത്തിനും

സഹായം എന്ന നിലയിൽ പുനരധിവാസ ഗ്രാമങ്ങൾ സർക്കാർ ഒരുക്കുന്നു എന്നത് പ്രശംസനീയമാണ്. ആയതിനാൽ നാഷണൽ ട്രസ്റ്റ് വൈകല്യങ്ങളുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി പുനരധിവാസ ഗ്രാമങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21) ഓട്ടിസം, സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്ക് ജീവിതകാലം മുഴുവനുമോ ഒരു ഘട്ടം വരെയോ വിവിധ തരത്തിലുള്ള തെറാപ്പികൾ ആവശ്യമാണ് . സ്പീച്ച്, ഒക്യുപേഷണൽ, ബിഹേവിയർ, ഫിസിയോ എന്നിങ്ങനെ വിവിധ തെറാപ്പികളാണ് പ്രധാനമായും വേണ്ടത്. സർക്കാരിനു കീഴിൽ ബഡ്സ് സ്കൂളുകളും തെറാപ്പിസെന്ററുകളുമുണ്ടെങ്കിലും ഇത് പരിമിതമാണ്. സർക്കാർ സംവിധാനങ്ങൾ കുറവായതിനാൽ പല രക്ഷാകർത്താക്കൾക്കും സ്വകാര്യ തെറാപ്പി സെന്ററുകളെ ആശ്രയിക്കേണ്ട സ്ഥിതിവരുന്നു . സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ സംബന്ധിച്ച് പ്രസ്തുത തെറാപ്പി സേവനങ്ങൾ താങ്ങാൻ സാധിക്കാതെ തെറാപ്പി നിർത്തേണ്ട സ്ഥിതിവരുകയും ചെയ്യുന്നു . ആയതിനാൽ സർക്കാരിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സൗജന്യമായി കൂടുതൽ തെറാപ്പി സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22) ബുദ്ധിവൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യാശഭവൻ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പുരുഷൻമാർക്കായി മലപ്പുറത്തും സ്ത്രീകൾക്കായി തൃശ്ശൂരും പ്രവൃത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദനീയമായ താമസക്കാരുടെ എണ്ണം 50 ആണെങ്കിലും അതിലും ഇരട്ടിയിലധികം പേർ താമസക്കാരായുണ്ട്. ആയതിനാൽ പുതിയ താമസക്കാരെ പ്രവേശിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവരെ പുനരധിവസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരും പരിചയ സമ്പന്നരുമായ എൻ.ജി.ഒ.കൾക്ക് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണ് 'പ്രതീക്ഷ'. ഒരു വർഷത്തേയ്ക്ക് ഒരാൾക്ക് 39,700/- രൂപ

എന്ന കണക്കിൽ അനുവദിച്ച് പദ്ധതിയുടെ ആദ്യഘട്ടമായി എല്ലാ ജില്ലകളിലുമായി 25 പേരെ പുനരധിവസിപ്പിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു . സംരക്ഷിക്കാൻ ആളില്ലാത്ത ബുദ്ധിവൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രത്യാശഭവനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23) കൂടാതെ 'പ്രതീക്ഷ' പദ്ധതി പ്രകാരം ഇപ്പോൾ ഒരാൾക്ക് ഒരു വർഷത്തേയ്ക്ക് അനുവദിക്കുന്ന തുക തുലോം കുറവാണ്. മരുന്നിനും മറ്റ് ആവശ്യങ്ങൾക്കും അനുവദിക്കുന്ന പ്രസ്തുത തുക കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24) ഭർത്താവ് മരിച്ച/ഉപേക്ഷിച്ച തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന മകനെ/മകളെ സംരക്ഷിക്കേണ്ടി വരുന്ന ബി.പി.എൽ. കുടുംബത്തിലെ സ്ത്രീകൾക്കായുള്ള സ്വയം തൊഴിൽ ധനസഹായ പദ്ധതിയാണ് 'സ്വാശ്രയാ' പദ്ധതി. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കുറവാണ് എന്നത് സമിതി മനസ്സിലാക്കുന്നു. സ്വാശ്രയ പദ്ധതി സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനായി പദ്ധതി സംബന്ധിച്ച പ്രചാരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25) ഭിന്നശേഷിക്കാരായ വിദ്യാർഥികൾ സാധാരണ സ്കൂളുകളിൽ പഠിക്കുന്നത് ബുദ്ധിപരമായും കലാകായികപരമായും അവർക്ക് ഉയരുന്നതിനും സമൂഹമായും മറ്റു കുട്ടികളുമായി പെരുമാറുന്നത് അവരുടെ കഴിവുകൾ വികസിക്കുന്നതിനും മാനസികമായ പിരിമുറക്കം കുറയ്ക്കുന്നതിനും അവരെ സഹായിക്കുമെന്നും സമിതി മനസ്സിലാക്കുന്നു . സാധാരണ വിദ്യാർഥികൾക്കൊപ്പം പഠിക്കുകയും കളിയ്ക്കുകയും ചെയ്യുന്നതുവഴി ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കുള്ള പെരുമാറ്റ പ്രശ്നങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാകുമെന്ന് പഠനം തെളിയിച്ചിട്ടുണ്ട്. ഇത്തരം വിദ്യാർഥികളുടെ പഠനവൈകല്യങ്ങൾ അറിഞ്ഞ് പ്രത്യേക പരിശീലനം നൽകാനായി എല്ലാ സ്കൂളുകളിലും സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടെങ്കിലും

ഒരു സ്പെഷ്യൽ എജ്യൂക്കേറ്ററെയാണ് ഒന്നിലധികം സ്കൂളുകളിലേയ്ക്ക് നിയോഗിച്ചിരിക്കുന്നത്. ആയതിനാൽ ഭിന്നശേഷിക്കാരായ വിദ്യാർഥികളെ സഹായിക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും ഒരു സ്പെഷ്യൽ എജ്യൂക്കേറ്ററെ സ്ഥിരം തസ്തികയിൽ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26) ജീവിതത്തിലെ വെല്ലുവിളികളെ നേരിട്ട് മുമ്പോട്ട് നീങ്ങാൻ ഭിന്നശേഷിക്കാരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം ഒരു അനിവാര്യഘടകമാണ്. നിരവധി ഭിന്നശേഷി സൗഹൃദനടപടികളും നിയമങ്ങളും സർക്കാർ നടപ്പാക്കുന്നുണ്ടെങ്കിലും പലപ്പോഴും ആവശ്യമായ സമയത്ത് അവ ഉപകരിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നത് ഒരു വസ്തുതയാണ്. നിയമാനുസൃതമായ പരീക്ഷാനുകൂല്യം ലഭിക്കുന്നതിനായി പഠനവൈകല്യം നിർണ്ണയിക്കുന്നത് സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട് . എന്നാൽ ജില്ല /ജനറൽ ആശുപത്രികളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ അപര്യാപ്തത മൂലം പലപ്പോഴും സർട്ടിഫിക്കറ്റ് ലഭിക്കാത്ത അവസ്ഥ നിലവിലുണ്ട് . ആയതിനാൽ എല്ലാ ജില്ല/ജനറൽ ആശുപത്രികളിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെയും റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റുകളെയും നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27) ഭിന്നശേഷി വിഭാഗത്തിനുള്ള സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡിനായി 2235-02-101-68 എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ 2019 മുതൽ 2022 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയിൽ വളരെ കുറച്ച് മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. നിരവധി അപേക്ഷകർ ഉള്ള സാഹചര്യത്തിൽ അർഹതപ്പെട്ട എല്ലാവർക്കും ഇത്തരം തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനായി ബജറ്റിൽ അനുവദിക്കുന്ന മുഴുവൻ തുകയും ചെലവഴിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28) വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയും വീട്ടിലിരുന്നും പഠിച്ച് ഡിഗ്രി/തത്തുല്യകോഴ്സ്, ബിരുദാനന്തര ബിരുദം/പി.ജി.ക്ക് തത്തുല്യമായ പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലങ്ങളിൽ ഉന്നത വിജയം

കരസ്ഥമാക്കുന്ന വിദ്യാർഥികൾക്ക് പ്രോത്സാഹനം നൽകുന്ന ക്യാഷ് അവാർഡ് പദ്ധതിയായ 'വിജയാമൃതം'; പരസഹായം ആവശ്യമായ ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിലും കാര്യനിർവ്വഹണത്തിലും സഹായിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതിയായ 'സഹചാരി'; വിദ്യാകിരണം, വിദ്യാജ്യോതി, മാതൃജ്യോതി, വികലാംഗ ദുരിതാശ്വാസനിധി തുടങ്ങിയ നിരവധി പദ്ധതികൾ മുഖേന ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കാൻ സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

**<u>വയോജനങ്ങൾ</u>**

29) ആധുനിക ലോകത്തിൽ ഭക്ഷണരീതിയുടെയും ചികിത്സാ രീതിയുടെയും വളർച്ച മനുഷ്യരുടെ ആയുർദൈർഘ്യം വർദ്ധിക്കാൻ കാരണമായിട്ടുണ്ട് . ആയതുകാരണം ഇന്ത്യയിൽ മുതിർന്ന പൗരൻമാരുടെ എണ്ണത്തിൽ കഴിഞ്ഞ 10-15 വർഷത്തിനിടയിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത വർദ്ധനവും കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി ചുരുങ്ങിയതും വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി വൃദ്ധസദനങ്ങൾ നിലവിൽ വരാൻ കാരണമായി . കേരളത്തിന്റെ ജനസംഖ്യയുടെ 12.6% വയോജനങ്ങളെന്നാണ് കണക്കാക്കപ്പെടുന്നത്. ആയതിൽ ബഹുഭൂരിപക്ഷവും വിധവകളാണ് എന്നത് മറ്റൊരു വസ്തുതയാണ്. വരുംവർഷങ്ങളിൽ മുതിർന്ന പൗരൻ മാരുടെ എണ്ണം കേരളത്തിന്റെ ജനസംഖ്യയുടെ 20 ശതമാനമായി വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ ഇവരുടെ പരിപാലനത്തിനും സാമൂഹ്യസുരക്ഷയ്ക്കും അവകാശ സംരക്ഷണത്തിനും ഊന്നൽ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

30) സമൂഹത്തിൽ വയോജനങ്ങൾ പലരീതിയിലുള്ള ബുദ്ധിമുട്ടുകളിലും പ്രയാസങ്ങളിലും അകപ്പെടുന്നതും, ചൂഷണത്തിനും, ആക്രമണത്തിനും ഇരയാകുന്നതും കണ്ടുവരുന്നുണ്ട്. ഇവർക്ക് എല്ലാരീതിയിലുമുള്ള കരുതലും സംരക്ഷണവും നൽകുന്നതോടൊപ്പം സുസ്ഥിരവും സന്തോഷകരവുമായ ജീവിത സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു കൂടിയാണ് സാമൂഹ്യനീതി വകുപ്പ് വിവിധ കർമ്മപദ്ധതികളുമായി പ്രവർത്തിക്കുന്നത്.

31) മക്കളാൽ ഉപേക്ഷിക്കപ്പെടുകയോ വൃദ്ധമന്ദിരങ്ങളിൽ പാർപ്പിക്കപ്പെടുകയോ ചെയ്യുന്ന വൃദ്ധജനങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുകയാണ് . അണുകുടുംബങ്ങളുടെ ബാഹുല്യവും തൊഴിൽപരമായ മാറ്റങ്ങളുമാണ് ആയതിന്റെ സ്വാഭാവിക കാരണമായി സമൂഹം ചൂണ്ടിക്കാട്ടുന്നത്. നമ്മുടെ രാജ്യത്ത് മാതാപിതാക്കൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നുവെന്നത് ആശങ്കാജനകമാണ് . കുഞ്ഞുനാൾ മുതൽ വളർത്തി വലുതാക്കിയ മാതാപിതാക്കളെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയാകുമ്പോൾ ഉപേക്ഷിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നത് മാപ്പർഹിക്കാത്ത കുറ്റമായി കണക്കാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ മാതാപിതാക്കളെ ഉപദ്രവിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നവർക്ക് കർശന ശിക്ഷ നൽകേണ്ടതാണ്. മക്കളുണ്ടായിട്ടും അനാഥരാക്കപ്പെട്ടവരുടെ വിങ്ങലും വിലാപവും കേൾക്കാതെയും അതിനു പരിഹാരം കാണാതെയും സമൂഹത്തിനും സർക്കാരിനും മുന്നോട്ടു പോകാൻ സാധിക്കുകയില്ല. മക്കളിൽ നിന്ന് പരിഗണനയും പരിരക്ഷയും ലഭിക്കാതെ പോകുന്ന വൃദ്ധജനങ്ങളെ സഹായിക്കുന്നതിന് പല നിയമങ്ങളും ക്ഷേമപദ്ധതികളും നിലവിലുണ്ട്. അതേക്കുറിച്ചുള്ള അജ്ഞത പലർക്കും നിയമത്തിന്റെ വഴി തേടുന്നതിന് തടസ്സമാകുന്നുണ്ട്. ആയതിനാൽ <u>മാതാപിതാക്കൾക്കെതിരെ അതിക്രമം നടത്തുകയോ അവരെ ഉപേക്ഷിക്കുകയോ ചെയ്യുന്നവർക്കുള്ള ശിക്ഷാനടപടികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

32) മാതാപിതാക്കളുടെയും മുതിർന്നപൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച വയോജന നിയമം നിലവിൽ വന്നത് 2007 ലും അനുബന്ധചട്ടങ്ങൾ നിലവിൽ വന്നത് 2009 ലുമാണ്. ഈ നിയമപ്രകാരം മുതിർന്ന പൗരൻമാരുടെ പരാതി പരിഹരിക്കുന്നതിനായിട്ടുള്ളതാണ് മെയിന്റനൻസ് ട്രൈബ്യൂണൽ. ഇതിന്റെ പരിപാലന ഓഫീസർമാരായി റവന്യൂഡിവിഷണൽ ഓഫീസർമാരെയാണ് നിയമിച്ചിട്ടുള്ളത് . മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മെയിന്റനൻസ് ട്രൈബ്യൂണലിൽ പരിഹാരം കാത്തുകിടക്കുന്ന ധാരാളം പരാതികൾ ഉണ്ട്. മക്കളിൽ നിന്ന് ജീവനാംശവും സംരക്ഷണവും ആവശ്യപ്പെട്ടും തട്ടിയെടുത്ത സ്വത്തുകൾ

തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടുമാണ് ഇതിലേറെ പരാതികളും . തീർപ്പാക്കാത്ത കേസുകളുടെ എണ്ണം വലിയ തോതിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ കേസ് നടത്തിപ്പിനായി ആർ.ഡി.ഒ.മാരെ സഹായിക്കുന്നതിനായി 27 ട്രൈബ്യൂണലുകളിലായി 27 ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുകയും അവരുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനായി ഒരു സ്റ്റേറ്റ് കോ -ഓർഡിനേറ്ററെയും വകുപ്പ് നിയമിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഭക്ഷണം, വസ്ത്രം, താമസം, മരുന്ന് തുടങ്ങിയ ആവശ്യങ്ങൾക്കായാണ് പ്രധാനമായും ട്രൈബ്യൂണലിനെ പരാതിക്കാർ സമീപിച്ചിരുന്നത്. എന്നാൽ ഇങ്ങനെയുള്ള പരാതികൾ തീർപ്പുകൽപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയാത്തത് പരിതാപകരമാണ്. ആയതിനാൽ മെയിന്റനൻസ് ട്രൈബ്യൂണലുകൾ വഴി ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33) 60 വയസ്സ് കഴിഞ്ഞവരും ആരും സംരക്ഷിക്കാനില്ലാത്തവരുമായ മുതിർന്നപൗരൻമാരുടെ ക്ഷേമം , സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരളത്തിൽ 14 ജില്ലകളിലായി 16 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു . സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 16 വൃദ്ധസദനങ്ങളെ വയോജനസൗഹൃദമാക്കി ആധുനിക സൗകര്യങ്ങളോടുകൂടി മെച്ചപ്പെട്ട സേവനം താമസക്കാർക്കും സ്ഥാപനത്തിന്റെ ചുറ്റളവിലെ വയോജനങ്ങൾക്കും ലഭ്യമാക്കാമെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സെക്കന്റ് 'ഇന്നിംഗ്സ്ഹോം'. ആദ്യപടിയായി കണ്ണൂർ ജില്ലയിലെ സർക്കാർ വൃദ്ധസദനത്തെ സെക്കന്റ് ഇന്നിംഗ്സ് ഹോമായി 2018-19 കാലയളവിൽ ആധുനികവൽക്കരിച്ചു. വൃദ്ധസദനങ്ങളെ ആധുനികവൽക്കരിക്കുന്നതിനായി ആരംഭിച്ച പ്രസ്തുത പദ്ധതി നിലവിൽ നടപ്പാക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു . വൃദ്ധജനങ്ങളുടെ ജീവിതസാഹചര്യം ഉയർത്തുന്നതിനായി ആരംഭിച്ച സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി പുനരാരംഭിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ വൃദ്ധസദനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34) സ്വന്തം കാര്യങ്ങൾ പോലും നോക്കാൻ ശേഷിയില്ലാതെ വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോധികർക്ക് മാനസികോല്ലാസത്തിന് അവസരം നൽകുന്നതിനും അരക്ഷിതമായ സാഹചര്യങ്ങളിൽ കഴിയുന്നവർക്കും സാമൂഹിക ബന്ധങ്ങളില്ലാതെ കഴിയുന്നവർക്കും ഒരു പരിഹാരം എന്ന നിലയിലാണ് 'സായംപ്രഭ ഹോമുകൾ' നടപ്പിലാക്കിയിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള പകൽ വീടുകളിൽ 72 എണ്ണമാണ് സായംപ്രഭാ ഹോമുകളായി മാറ്റിയിട്ടുള്ളത്. സായംപ്രഭാ ഹോമുകളിൽ വൃദ്ധജനങ്ങൾക്ക് മാനസിക -ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട് . ശാരീരികവും മാനസികാരോഗ്യപരവുമായ വിഷയങ്ങൾ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക , നിയമവിദഗ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ , സൈക്കോസോഷ്യൽ കൗൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസുകൾ സംഘടിപ്പിക്കുക, പോഷകാഹാരക്കുറവുള്ള വൃദ്ധജനങ്ങൾക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ച് കൊടുക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഒരു പഞ്ചായത്തിലെ എല്ലാ വൃദ്ധജനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും സാമൂഹ്യനീതി വകുപ്പ് വഴിയുള്ള ആനുകൂല്യങ്ങളും സഹായങ്ങളും പദ്ധതികളും അവരിലേക്ക് എത്തിക്കുന്നതിനും അവരുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുന്നതിനും വയോധികരുടെ കൂടിച്ചേരലുകൾ അനിവാര്യമാണ്.

35) വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും തൊഴിൽ പരിശീലിക്കുന്നതിനും ചികിത്സാസംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതിയാണ് മാതൃകാ സായംപ്രഭാ ഹോമുകൾ. നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ഹെല്പ് ഏജ് ഇന്ത്യ എന്ന സന്നദ്ധസംഘടനയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സായംപ്രഭാ ഹോമുകളിലുള്ളവർക്കും ആ മുനിസിപ്പാലിറ്റിയിലെ സായംപ്രഭാ

ഹോമിൽ വരാത്ത മറ്റു വയോജനങ്ങൾക്കും ചികിത്സയും മറ്റു സഹായങ്ങളും ലഭിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള പകൽവീടുകളെ മാതൃകാ സായംപ്രഭാ ഹോമുകളാക്കണമെന്നും സായംപ്രഭാ ഹോമുകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ടെങ്കിൽ അവിടങ്ങളിൽ മാതൃകാ സായംപ്രഭാ ഹോമുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36) കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷങ്ങളിലായി സായംപ്രഭാ ഹോമുകൾക്കായി 650 ലക്ഷം രൂപയാണ് ബജറ്റിൽ അനുവദിച്ചത്. എന്നാൽ, അനുവദിച്ച തുകയിൽ പകുതിപോലും ചെലവഴിച്ചതായി കാണുന്നില്ല. സായംപ്രഭാ ഹോമുകൾക്കായി അനുവദിക്കുന്ന മുഴുവൻ തുകയും അതത് സാമ്പത്തികവർഷം തന്നെ ചെലവഴിക്കുന്നതിനാവശ്യമായ കർശന നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

37) അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിനായി അൽഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസോഡർ സൊസൈറ്റി ഓഫ് ഇന്ത്യ (എ.ആർ.ഡി.എസ്.ഐ)യുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയപരിചരണ കേന്ദ്രവും പ്രവൃത്തിച്ചുവരുന്നു . ഡിമെൻഷ്യ രോഗികൾക്ക് മെമ്മറി ക്ലിനിക്, ആരോഗ്യ ബോധവൽക്കരണം തുടങ്ങിയ പരിചരണ പരിപാടികൾ 2015-16 മുതൽ തന്നെ നടപ്പിലാക്കി വരുന്നു . സംസ്ഥാനത്തെ മുതിർന്ന പൗരൻമാർക്കിടയിൽ അനുദിനം വർദ്ധിച്ചുവരുന്ന ഡിമെൻഷ്യ രോഗത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് 'ബോധി'. എറണാകുളം ജില്ലാഭരണകൂടവും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ പ്രവൃത്തിക്കുന്ന പ്രജ്ന സെന്റർ ഫോർ ന്യൂറോ സയൻസുമായി ചേർന്ന് എറണാകുളം ജില്ലയെ ഡിമെൻഷ്യ ഫ്രണ്ട്ലി കമ്മ്യൂണിറ്റി ആയി മാറ്റുന്നതിനുള്ള പദ്ധതിയായിരുന്നു . മൂന്നുവർഷം നീണ്ടുനിൽക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ആറുമാസം നീണ്ടുനിൽക്കുന്ന ആറു വ്യത്യസ്ത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരുന്നതായിരുന്നു 'ബോധി' പദ്ധതിയെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ

നിലവിൽ പദ്ധതി നടപ്പിലാക്കുന്നതായി കാണുന്നില്ല . ഡിമെൻഷ്യ, അൽഷിമേഴ്സ് തുടങ്ങിയ രോഗാവസ്ഥയിലുള്ളവരേക്കാൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് അവരെ പരിചരിക്കുന്നവരാണ്. ആയതിനാൽ 'ബോധി' പദ്ധതി പുനരാരംഭിച്ച് എല്ലാ ജില്ലകളെയും ഡിമെൻഷ്യ സൗഹൃദമാക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38) ഡിമെൻഷ്യ രോഗത്തെ ആരോഗ്യപ്രശ്നം എന്നതിനൊപ്പം സാമൂഹ്യപ്രശ്നമായി കണ്ടുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയായ 'ഓർമ്മത്തോണി' പദ്ധതിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39) വയോജന സൗഹൃദസംസ്ഥാനം എന്ന ആശയം മുൻനിർത്തി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'എൽഡർലൈൻ' അഥവാ 'നാഷണൽ ഹെല്പ് ലൈൻ ഫോർ സീനിയർ സിറ്റിസൺസ് '. മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനും അവരുടെ പരാതികൾ പരിഹരിക്കുന്നതിനുമായിട്ടാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. 14567 എന്ന ടോൾഫ്രീ നമ്പരിൽ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ എൻഡർ ലൈനിന്റെ സേവനം ലഭ്യമാണ്. 60 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരൻമാർക്ക് ടെലിഫോൺ മുഖേനയും നേരിട്ടും ബന്ധപ്പെട്ട് സംശയനിവാരണം, മാർഗ്ഗനിർദ്ദേശം, മാനസിക പിന്തുണ, ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരെയുള്ള സഹായം , അഗതികളായ മുതിർന്ന പൗരൻമാരുടെ പുനരധിവാസം തുടങ്ങിയ ധാരാളം സേവനങ്ങൾ പ്രസ്തുത പദ്ധതി പ്രകാരം നൽകി വന്നിരുന്നു. ടെലിഫോൺ മുഖാന്തിരമുള്ള സേവനങ്ങൾ നൽകാൻ 10 കാൾ ഓഫീസർമാരെയും നേരിട്ടുള്ള സഹായങ്ങൾ ലഭ്യമാക്കാൻ രണ്ട് ജില്ലകൾക്ക് ഒരാൾ എന്ന നിലയിൽ 7 ഫീൽഡ്ഓഫീസർമാരെയും പദ്ധതിയ്ക്കായി വകുപ്പ് നിയോഗിച്ചിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത പദ്ധതിയുടെ കരാർ പുതുക്കാത്തതിനാൽ കേന്ദ്രസഹായം ലഭിക്കുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എൽഡർ

ലൈൻ പദ്ധതിയുടെ ധാരണാപത്രം (MOU) പുതുക്കി പദ്ധതി പുനരാംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40) വയോജനങ്ങൾക്ക് ന്യൂട്രീഷണൽ സപ്പോർട്ട് എന്ന നിലയിൽ ആരംഭിച്ച പദ്ധതിയായിരുന്നു വയോപോഷണം. കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരൻ മാരുടെ ആരോഗ്യസംരക്ഷണം ഉറപ്പ് വരുത്തുന്നതിന് പോഷകാഹാര ലഭ്യതയ്ക്കായി ഫുഡ്കിറ്റ് വിതരണം ചെയ്തിരുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്ന പൗരൻമാർ ക്ക് വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർ ത്തുന്നതിനുമായി ഉപയോഗിക്കുവാൻ കഴിയുന്നതരത്തിലുള്ള 2 മാസത്തേയ്ക്ക് ആവശ്യമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പെടുത്തി സായംപ്രഭാ ഹോമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർ ന്ന പൗരൻമാർക്ക് ചില മാനദണ്ഡങ്ങളോടെയാണ് കിറ്റ് വിതരണം ചെയ്തിരുന്നത്. എന്നാൽ നിലവിൽ പദ്ധതി നിലച്ച അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു . ആയതിനാൽ വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായുള്ള വയോപോഷണം പദ്ധതി പുനരാംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന ഗ്രാന്റ് നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്നുവെന്നും പ്രതിമാസം ഒരു താമസക്കാരന് 1100/- രൂപ നിരക്കിലാണ് വകുപ്പ് ഗ്രാന്റ് നൽകുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ഇന്നത്തെ കാലത്ത് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾ ക്ക് നൽകിവരുന്ന ഗ്രാന്റ് സാമൂഹ്യസുരക്ഷാ പെൻഷനിൽ കുറയാത്ത തുകയായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42) പ്രായമായവരുടെ രോഗാവസ്ഥയും പരിചരണവും സംബന്ധിച്ച ശാസ്ത്രശാഖയാണ് ജെറിയാട്രിക്സ്. മുഴുവൻ ജനസംഖ്യയുടെ പതിനഞ്ച് ശതമാനത്തോളം വരുന്ന വിഭാഗമായ മുതിർന്ന പൗരൻമാരുടെ ആരോഗ്യത്തിനും പരിചരണത്തിനുമായി ജെറിയാട്രിക് ശാസ്ത്രശാഖ വളർന്നുവരേണ്ടതുണ്ട്. ആയതിനായി ജെറിയാട്രിക് കെയർ,

ജെറിയാട്രിക് ഫിസിഷ്യൻ, ജെറിയാട്രിക് നഴ്സ്, സോഷ്യൽ വർക്കർ, പാലിയേറ്റീവ് കെയർ എന്നിവ ഉൾപ്പെടുന്ന ഒരു ജെറിയാട്രിക് വിഭാഗം എല്ലാ ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രമേഹരോഗികളായ വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന പദ്ധതിയാണ് 'വയോമധുരം' പദ്ധതി. 2018-ൽ ആരംഭിച്ച പ്രസ്തുത പദ്ധതി പ്രകാരം ആയിരത്തിലധികം പേർക്ക് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകാനുള്ള പദ്ധതിയായിരുന്നിട്ടും അപേക്ഷകരുടെ കുറവുമൂലം പദ്ധതി പൂർണ്ണമായും ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ ഇനിയും സാധിച്ചിട്ടില്ല. ആയതിനാൽ മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി പ്രാവർത്തികമാക്കുന്ന പദ്ധതികളെ സംബന്ധിച്ച പ്രചാരണം നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പ് കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44) വയോജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ട്രാൻസ്ജെൻഡർ വിഭാഗം**

45) അടിസ്ഥാനപരമായ മനുഷ്യന്റെ സ്ത്രീ-പുരുഷ ലിംഗവ്യത്യാസത്തെ ഇല്ലാതാക്കി ഒരാളുടെ മനസിന്റെ തോന്നലനുസരിച്ച് ശരീരത്തിനപ്പുറം ഇഷ്ടമുള്ള ജെൻഡർ തെരഞ്ഞെടുക്കാനും അപ്രകാരം ജീവിക്കാനും സാധിക്കണമെന്നാണ് ഇരുപതാം നൂറ്റാണ്ടിൽ രൂപപ്പെട്ട ജെൻഡർ തിയറി പറയുന്നത് . ആളുകളുടെ ലിംഗമോ ലിംഗപദവിയോ പരിഗണിക്കാതെ സാമൂഹിക സംവിധാനങ്ങളും നയപരിപാടികളും ഭാഷയും ക്രമീകരിക്കണമെന്ന ആശയമാണ് ജെൻഡർ. ധാരാളം ആളുകൾ ശരീരവും മനസും തമ്മിലുള്ള അന്തരം കാരണം വ്യക്തിത്വം നഷ്ടപ്പെട്ടവരായി പ്രതിസന്ധി നേരിടുന്നവരാണ്. അത്തരം ജനങ്ങൾക്ക് ജനിച്ച മണ്ണിൽ തങ്ങളുടെ സ്വത്വം വെളിപ്പെടുത്തി നിർഭയം കഴിയുന്ന അവസ്ഥയിലേയ്ക്ക് മുന്നേറാൻ സഹായകമായത് 2014

ഏപ്രിൽ 14 ലെ സുപ്രീംകോടതിയുടെ ചരിത്ര പ്രധാനമായ നാഷണൽ ലീഗൽ സർവ്വീസ് അതോറിറ്റിയും കേന്ദ്രസർക്കാരും തമ്മിലുള്ള കേസിലെ വിധി കാരണമാണ്. എന്നാൽ ട്രാൻസ്ജെൻഡർ ജനങ്ങൾ ലൈംഗിക ന്യൂനപക്ഷത്തിലെ അതിസൂക്ഷ്മവിഭാഗമാണ് . അങ്ങനെയുള്ള വിഭാഗത്തെ സഹായിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുൻ നിരയിലേയ്ക്ക് എത്തിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ലിംഗനീതിയും ലിംഗസമത്വവും അനുഭവിക്കാൻ കഴിയാതെ പോകുന്ന വിഭാഗമായ ട്രാൻസ്ജെൻഡർ വിഭാഗം പ്രത്യേക പരിഗണന അർഹിക്കുന്നു. 2014-ലെ സുപ്രീംകോടതി വിധി പ്രകാരം 2015-ൽ ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്ന രാജ്യത്തിലെ ആദ്യ സംസ്ഥാനമാണ് കേരളം . അതുകൊണ്ട് വകുപ്പിന്റെ കീഴിൽ നിരവധി സേവനങ്ങളും പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു. ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ഉന്നമനത്തിനായി ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണ) ആക്ട് 2019-ൽ നിഷ്കർഷിച്ചിട്ടുള്ള തുല്യഅവകാശം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

46) ഒരു വ്യക്തിയ്ക്ക് തന്റെ വ്യക്തിത്വം തെളിയിക്കുന്നതിനായി അടിസ്ഥാനപരമായി ഉണ്ടാകേണ്ട രേഖയാണ് തിരിച്ചറിയൽ കാർഡ്. എന്നാൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന 2018 ഒക്ടോബർ മുതൽ ഓൺലൈൻ പ്രക്രിയയിലൂടെ തിരിച്ചറിയൽ കാർഡ് നൽകി വരുന്നുണ്ട് . സ്വത്വം സ്വീകരിച്ച സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ ഇക്കാലയളവിൽ വകുപ്പ് പൂർത്തീകരിച്ചുവെന്നത് അഭിനന്ദനാർഹമാണ്.

47) ഇന്ത്യയിൽ ആദ്യമായി ട്രാൻസ്ജെൻഡർ നയം നിലവിൽ വന്നത് കേരളത്തിലാണ്. എന്നാൽ ആയത് നടപ്പാക്കുന്നതിനും അർഹരിലേയ്ക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്നതിലും കേരളം പിന്നാക്കാവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ട്രാൻസ്ജെൻഡർ നയപ്രകാരം എല്ലാ ട്രാൻസ്ജെൻഡർ വിഭാഗത്തിനും അർഹമായ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതരത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48) സ്വന്തമായി ജീവനോപാധി ഇല്ലാത്തതിനാൽ ട്രാൻസ്ജെൻഡർ വിഭാഗത്തിന് പലതരത്തിലുള്ള ചൂഷണത്തിന് വിധേയമാകേണ്ടി വരുകയും തൽഫലമായി സമൂഹം അംഗീകരിക്കാത്ത തൊഴിലുകളിൽ ഏർപ്പെട്ട് ജീവിക്കേണ്ടി വരുകയും ചെയ്യാറുണ്ട് . ഇത്തരം പ്രവൃത്തികളിൽ നിന്ന് ഇവരെ മോചിപ്പിക്കുന്നതിനായി മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകി സ്വയംപര്യാപ്തരാക്കുന്നതിന് അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സാകല്യം പദ്ധതി . നിരാലംബരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനായി അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകുക , സ്വന്തമായി ജീവനോപാധി കണ്ടെത്താൻ സാധിക്കാത്തവർക്ക് ജീവിതമാർഗ്ഗം ഒരുക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുവാനാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി സംബന്ധിച്ച പ്രചാരണം കുറവായതിനാൽ അപേക്ഷകൾ ലഭിച്ചിട്ടില്ലെന്നും നാളിതുവരെ പദ്ധതിയ്ക്കായി ഫണ്ട് വിനിയോഗിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പ് നേരിട്ട് സാകല്യം പദ്ധതി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49) കൂടാതെ സാകല്യം പദ്ധതിയുടെ പ്രയോജനം എല്ലാ ട്രാൻസ്ജെൻഡർ വ്യക്തികളെയും അറിയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

50) സമൂഹത്തിൽ പുറംതള്ളപ്പെട്ടുപോയ ട്രാൻസ്ജെൻഡർ വ്യക്തികൾ നിയമപരമായി വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കാൻ സന്നദ്ധരാകുന്നപക്ഷം അവരുടെ സാമൂഹ്യജീവിതത്തിന്റെ തുടർച്ച സാധ്യമാക്കുന്നതിന് വിവാഹധനസഹായം നൽകുന്നത് ഒരു പരിധിവരെ സഹായകമാണ്. ഈ സാഹചര്യത്തിൽ ശസ്ത്രക്രിയയിലൂടെ

പൂർണ്ണമായി സ്ത്രീ/പുരുഷൻ ആയി മാറിയിട്ടുള്ളവരും നിയമപരമായി വിവാഹം ചെയ്തവരുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 30,000/- രൂപ വിവാഹധനസഹായമായി അനുവദിച്ച് നൽകിവരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഇന്ത്യയിൽ ആദ്യമായി സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം 2 ട്രാൻസ്ജെൻഡർ വ്യക്തികൾ വിവാഹിതരായിട്ടുണ്ട്. 1955-ലെ ഹിന്ദുനിയമത്തിലോ കേരള രജിസ്ട്രേഷൻ ഓഫ് മാര്യേജ് പൊതുചട്ടങ്ങളിലോ ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിവാഹരജിസ്ട്രേഷൻ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകളില്ല. വരന് 21 വയസ്സും വധുവിന് 18 വയസ്സും പൂർത്തിയാകണം എന്ന വ്യവസ്ഥയേ ഉള്ളൂ. ആധാർ, വിവാഹം നടന്ന സ്ഥലം, മറ്റ് സാക്ഷ്യങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ അല്ലെങ്കിൽ സത്യവാങ്മൂലം എന്നിവ സമർപ്പിച്ചാലാണ് സാധാരണ വിവാഹം രജിസ്റ്റർ ചെയ്യുന്നത്. എന്നാൽ ട്രാൻസ്ജെൻഡർ എന്ന ആധാർ നൽകുമ്പോൾ അപേക്ഷ നിരസിക്കുന്നതിനാൽ മുൻ ജെൻഡർ ആധാറുകൾ ഉപയോഗിച്ചാണ് ട്രാൻസ്ജെൻഡർ വിവാഹം സാധാരണയായി രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ <u>നിലവിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉത്തരവിൽ വ്യക്തത വരുത്തി ട്രാൻസ്ജെൻഡർ വ്യക്തികളുടെ സ്വത്വത്തെ പരിഗണിച്ചുകൊണ്ടുള്ള വിവാഹ രജിസ്ട്രേഷനായുള്ള നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

51) കുടുംബത്തിന്റെ പിന്തുണ നഷ്ടപ്പെട്ട് വീടിനു പുറത്തുപോകേണ്ടി വരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ട്രാൻസ്ജെൻഡർ ഷെൽട്ടർ ഹോം പദ്ധതി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ട്രാൻസ്മെൻ വ്യക്തികൾക്കായി തിരുവനന്തപുരത്തും ട്രാൻസ്‌വുമൺ വ്യക്തികൾക്കായി എറണാകുളത്തുമാണ് പദ്ധതി നടപ്പിലാക്കി വരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ട്രാൻസ്ജെൻഡറുകൾക്ക് സുരക്ഷിതപാർപ്പിടം എന്നത് വിദൂരസ്വപ്നമായി തുടരുന്നു. തുല്യനീതി, വ്യക്തിസ്വാതന്ത്ര്യം, മുഖ്യധാരയിലെ പങ്കാളിത്തം, തടസ്സങ്ങളില്ലാത്ത വിദ്യാഭ്യാസം എന്നിവ ട്രാൻസ്ജെൻഡർ നയത്തിലൂടെ പ്രഖ്യാപിച്ചുവെങ്കിലും ഈ വിഭാഗത്തോടുള്ള സമൂഹത്തിന്റെ വിവേചനം ഇന്നും തുടരുന്നു. സ്വന്തം സ്വത്വം വെളിപ്പെടുത്തിയതിനാൽ വാടക വീട് പോലും ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കും അദ്ധ്വാനിച്ച് ജീവിക്കാൻ സന്നദ്ധരായവർക്കും പാർപ്പിടസൗകര്യമോ താമസസൗകര്യമോ ഇല്ലാതെ

ലോഡ്ജുകളിലും മറ്റും താമസിക്കേണ്ട സാഹചര്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് താമസിക്കുന്നതിനായി എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52) കൂടാതെ ലൈഫ്മിഷൻ പദ്ധതിയിൽ ട്രാൻസ്ജെൻഡർ വിഭാഗത്തെ കൂടി ഉൾപ്പെടുത്തി പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53) മാനസിക പീഡനത്തിന്റെയും ഒറ്റപ്പെടുത്തലിന്റെയും കാലത്തിൽ നിന്ന് പുതിയ സമൂഹത്തിൽ ട്രാൻസ്ജെൻഡർ വിഭാഗം വരുമ്പോൾ ഒരുമിച്ച് ചേർന്ന് അവരെ അംഗീകരിക്കേണ്ടത് സർക്കാരിന്റെയും സമൂഹത്തിന്റെയും കടമയാണ്. മറ്റു പൗരൻമാർക്കുള്ള മാനുഷികവും മൗലികവും ഭരണഘടനാപരവുമായ എല്ലാ അവകാശങ്ങളും ഈ വിഭാഗത്തിനുമുള്ളതാണ്. വ്യക്തിതാൽപര്യത്തെ മാനിക്കലാണ് വ്യക്തിസ്വാതന്ത്ര്യത്തിന്റെ സത്തയെന്നുള്ള സുപ്രീംകോടതി വിധിയെ മാനിച്ചുകൊണ്ട് പൊതുസമൂഹം ട്രാൻസ്ജെൻഡർ വിഭാഗത്തോടുള്ള അതിക്രമം അവസാനിപ്പിക്കേണ്ടതാണ്. ഇത് പൊതുസമൂഹത്തിനെ ബോധ്യപ്പെടുത്താൻ "സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം കുറ്റകരമാണ്"എന്ന് രേഖപ്പെടുത്തുന്ന ഇടങ്ങളിലെല്ലാം തന്നെ "സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും കുട്ടികൾക്കും എതിരായ അതിക്രമം കുറ്റകരമാണ് "എന്ന് രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54) സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ വിഭാഗത്തിന് അഞ്ചുകോടി രൂപയാണ് ബജറ്റ് വിഹിതമായി 2235-60-200-64 എന്ന ശീർഷകത്തിൽ അനുവദിക്കുന്നത്. എന്നാൽ പ്രസ്തുത തുക വിവിധ പദ്ധതികൾക്കായി അനുവദിച്ച് വിവിധ ഏജൻസികളെ ഏർപ്പെടുത്തുകയാണ് വകുപ്പ് ചെയ്യുന്നത്. ആയത് ഒഴിവാക്കി വകുപ്പ് മുഖേന തന്നെ ട്രാൻസ്ജെൻഡർ ക്ഷേമം സംബന്ധിച്ച വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55) ട്രാൻസ്ജെൻഡർ വിഭാഗത്തിനെ പാർശ്വവൽക്കരിക്കപ്പെടാതെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി, സാകല്യം പദ്ധതി, യത്നം പദ്ധതി എന്നിങ്ങനെ നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത വിഭാഗങ്ങൾക്കിടയിലേയ്ക്ക് എത്തിപ്പെടുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ തലംവരെ മാത്രമേ വകുപ്പ് നേരിട്ട് ബന്ധപ്പെടുന്നുള്ളൂ . ആയതിനാൽ ട്രാൻസ്ജെൻഡർ വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികളെ സംബന്ധിക്കുന്ന വിവരം എല്ലാ ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെയും താഴെത്തട്ടുവരെ എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56) സ്ത്രീകളുടെയും പുരുഷൻമാരുടെയും ജയിലുകളിൽ താമസിപ്പിക്കാതെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പ്രത്യേകം ജയിൽ എന്ന രീതിയിൽ ഒരു സംവിധാനം നിലവിൽ വന്നിട്ടുണ്ട്. അതുപോലെ ആശുപത്രികളിലെ സ്ത്രീ/പുരുഷവാർഡുകൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഉപയോഗിക്കുന്നതിന് പരിമിതിയുണ്ട്. ആയതിനാൽ എല്ലാ സർക്കാർ ആശുപത്രികളിലും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം വാർഡ് എന്ന നിലവിലുള്ള രീതിയിൽ തന്നെ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും പ്രത്യേകം വാർഡ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57) സാമൂഹികമായും സാമ്പത്തികമായും ഒറ്റപ്പെട്ട് നിൽക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ഇടയിലെ ആത്മഹത്യാ നിരക്ക് വളരെ കൂടുതലാണ് . ഇതു തടയുന്നതിനായി മനശാസ്ത്രപരമായ സമീപനത്തോടും പിന്തുണയോടും 'പിയർ സപ്പോർട്ട് കൗൺസിലിംഗ്' വകുപ്പ് നൽകുന്നുണ്ട്. ട്രാൻസ്ജെൻഡർ, ഇന്റർസെക്സ്, മറ്റ് ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരുടെ വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് അവരുടെ അതേ വിഭാഗത്തിൽപ്പെട്ട പരിശീലനം ലഭിച്ച പിയർ കൗൺസിലർമാർ പരിഹാരമുണ്ടാക്കുന്നതാണ് പ്രസ്തുത പദ്ധതി. മാനസികമായി ട്രാൻസ്ജെൻഡർ വിഭാഗത്തിനെ സഹായിക്കുന്ന പ്രസ്തുത പദ്ധതി അഭിനന്ദനാർഹമാണ്. എന്നാൽ പ്രസ്തുത പദ്ധതി മുഖേന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലാകേന്ദ്രങ്ങളിലും പിയർ സപ്പോർട്ടിംഗ് കൗൺസിലർമാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന്

സമിതി ശിപാർശ ചെയ്യുന്നു.

58) പ്രതിസന്ധിഘട്ടങ്ങളിൽപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി ആരംഭിക്കുന്ന പദ്ധതിയാണ് ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ. സാമൂഹികമായും സാമ്പത്തികമായും അരക്ഷിതാവസ്ഥയിലുള്ള ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായും അവരെ സഹായിക്കുന്നതിനും ക്രൈസിസ് ഇന്റർ വെൻഷൻ സെന്റർ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സാമൂഹ്യപ്രതിരോധം

59) കുറ്റകൃത്യങ്ങളിൽ നിന്നും സമൂഹത്തെ മോചിപ്പിക്കാനും കുറ്റകൃത്യങ്ങൾ ഇല്ലായ്മ ചെയ്യാനും വിവിധ സർക്കാർ-സർക്കാരിതര സംവിധാനങ്ങളുടെ സഹായത്തോടെയുള്ള ഇടപെടലാണ് 'സാമൂഹ്യ പ്രതിരോധം' അഥവാ 'സോഷ്യൽഡിഫൻസ് '. കുറ്റകൃത്യങ്ങൾ പെരുകുന്നത് ഒരു സമൂഹത്തിന്റെ തകർച്ചയെയാണ് കാണിക്കുന്നത് . കുറ്റകൃത്യങ്ങൾ പെരുകുന്നത് തടയണമെങ്കിൽ സാമൂഹ്യനീതിയിലും സമത്വത്തിലും അധിഷ്ഠിതമായ സമൂഹം രൂപപ്പെടേണ്ടതുണ്ട്.

60) പ്രൊബേഷൻ & ആഫ്റ്റർകെയർ സേവനങ്ങളുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പുമുഖേന വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നുണ്ട് . മിത്രം പദ്ധതി - പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യപരിശീലനം, ജീവനം - സ്വയം തൊഴിൽ പുനരധിവാസപദ്ധതി, തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, നേർവഴി - പ്രൊബേഷനും ആഫ്റ്റർ കെയറും ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തൽ തുടങ്ങിയ പല പദ്ധതികളും ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്.

61) കുടുംബമോ ബന്ധുമിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻ തടവുകാർ, കേസിൽപ്പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി പുറത്തിറങ്ങുന്നവർ തുടങ്ങിയവരെ

സമൂഹത്തിലേയ്ക്ക് പുനരധിവസിപ്പിക്കാൻ സാധിക്കുന്നതുവരെ . (താൽക്കാലികമോ - സ്ഥിരമോ ആയ താമസസൗകര്യം ഉണ്ടാകുന്നതുവരെ) താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടക്കാല സംരക്ഷണ കേന്ദ്രമാണ് 'തണലിടം'. കേരള പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ചട്ടങ്ങൾ 1960 ചട്ടം 20(1) പ്രകാരമാണ് തണലിടം പ്രൊബേഷൻ ഹോം രൂപീകരിച്ചിരിക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ എൻ .ജി.ഒ. സഹകരണത്തോടെയാണ് കൊല്ലം ജില്ലയിലെ വാളകത്തു പുരുഷൻമാർക്കായി തണലിടം പ്രൊബേഷൻ ഹോം ഉണ്ടായിരുന്നത്. എന്നാൽ അന്തേവാസികളുടെ എണ്ണത്തിലെ കുറവ് തണലിടം പദ്ധതി തുടരാൻ സാധിക്കാത്ത സ്ഥിതിയിലേയ്ക്ക് നയിച്ചു . നിലവിൽ താമസസൗകര്യം ഇല്ലാത്തവർക്കോ ശിക്ഷാ കാലാവധി കഴിഞ്ഞ് പുറത്തിറങ്ങുന്നവർക്കോ വിവിധ അവധികൾക്കായി ജയിലിൽ നിന്നും വിടുന്നവർക്കോ തണലിടം പദ്ധതി വളരെയധികം ആശ്വാസജനകമായിരുന്നു. ആയതിനാൽ തണലിടം പദ്ധതി പുനരാംരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സാമൂഹ്യസുരക്ഷാ മിഷൻ**

62) അവശതയനുഭവിക്കുന്ന വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി 2008-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ ചാരിറ്റബിൾ സൊസൈറ്റിയാണ് കേരള സാമൂഹ്യസുരക്ഷാമിഷൻ. സാമൂഹ്യനീതി വകുപ്പിന് കീഴിലാണ് സാമൂഹ്യസുരക്ഷാമിഷൻ പ്രവൃത്തിക്കുന്നതെങ്കിലും വനിതാ ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളും സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്നുണ്ട്.

63) ജനങ്ങളെ വളരെയധികം സഹായിക്കാനാകുന്ന സ്ഥാപനമാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ. ഒരു ചാരിറ്റബിൾ സൊസൈറ്റിയായതിനാൽ കേരളത്തിന് അകത്തും പുറത്തും നിന്നും ധാരാളം വ്യക്തികളും സ്ഥാപനങ്ങളും മിഷനായി സംഭാവനകൾ നൽകുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ സുതാര്യമായതിനാൽ ഫണ്ട് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തുക സംഭാവന നൽകുന്നവർക്ക് 80 G പ്രകാരം ഇൻകംടാക്സ് ഇളവും ലഭിക്കുന്നുണ്ട്. ആയതിനാൽ പ്രസ്തുത സ്ഥാപനത്തെ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തിയാൽ കേരളത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന നിരവധി കുടുംബങ്ങളെ സഹായിക്കാൻ കഴിയും . വൃക്കരോഗം

ബാധിച്ചവർക്ക് പരമാവധി 6,00,000/- രൂപ വരെയും ബി.പി.എൽ കാർഡുടമകളായ നിർധനർക്ക് കരൾ മാറ്റിവയ്ക്കലിനുവേണ്ടി 14,00,000/-രൂപ വരെയും സഹായം നൽകിയിരുന്നു. നിലവിൽ ഇത്തരം പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് . ലഭിക്കുന്ന അപേക്ഷകൾ തീർപ്പുകൽപ്പിക്കപ്പെടാതെ കെട്ടിക്കിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സാമൂഹ്യസുരക്ഷാമിഷന്റെ കീഴിലുള്ള പദ്ധതികളെല്ലാം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ കൃത്യമായി നടപ്പിലാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64) ജുവനൈൽ ഡയബറ്റിസ് അഥവാ ടൈപ്പ് -1 ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്രപരിരക്ഷ നൽകുന്നതിന് സാമൂഹ്യ സുരക്ഷാമിഷൻ ആവിഷ്കരിച്ച പദ്ധതിയാണ് 'മിഠായി'. Continuous glucose Monitoring, Insulin pen/pump എന്നിവ നൽകുക, കൗൺസിലിംഗ്, മാതാപിതാക്കൾക്ക് പരിശീലനം, മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ ആറ് ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ടൈപ്പ് 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. മിഠായി പദ്ധതി ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചിട്ടുണ്ട്. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ സാറ്റലൈറ്റ് സെന്ററുകൾ വഴി നൽകിവരുന്നു.

65) സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള സ്ഥാപനമായ സാമൂഹ്യ സുരക്ഷാമിഷന് മിഠായി പദ്ധതിക്കായി ഫണ്ട് അനുവദിക്കുന്നത് വനിതാ ശിശുവികസന വകുപ്പാണെന്നും ഇത് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസവും ഫണ്ട് വിനിയോഗിക്കുന്നതിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനും കാരണമാകുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു . ആയതിനാൽ മിഠായി പദ്ധതി നടപ്പിലാക്കുന്നതിനായി സാമൂഹ്യസുരക്ഷാ മിഷന് പ്രത്യേകം ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66) സംസ്ഥാനത്തെ നഗരസഭകളുമായി ചേർന്നുകൊണ്ട് സാമൂഹ്യ സുരക്ഷാമിഷൻ 65 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരൻമാർക്ക് സമ്പൂർണ്ണ ആരോഗ്യപരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യചികിത്സ , സൗജന്യ മരുന്ന് , കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ-സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്ന പദ്ധതിയാണിത്. എല്ലാ നഗരസഭാ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമായി 95 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവത്തിച്ചുവരുന്നു. ആയതിനാൽ വയോമിത്രം പദ്ധതി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67) വയോ മിത്രം പദ്ധതി കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് മുഖേനയാണ് നടപ്പാക്കുന്നത്. കേന്ദ്രസർക്കാരിന്റെ പ്രസ്തുത ഗ്രാന്റ് നിർത്തുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എകദേശം രണ്ട് ലക്ഷത്തിലധികം വയോജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന വയോമിത്രം പദ്ധതി അവസാനിപ്പിക്കാതെ തുടർന്നുകൊണ്ടു പോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68) സാമൂഹ്യസുരക്ഷാ മിഷന് നിരവധി പദ്ധതികൾക്കായി അനുവദിക്കുന്ന മുഴുവൻ തുകയും യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69) മുഴുവൻ സമയപരിചരണം ആവശ്യമാകുംവിധത്തിൽ കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതരരോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന 2010-ൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. നിലവിൽ 600 രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചുവരുന്നത്. എന്നാൽ 2022-23 സാമ്പത്തികവർഷത്തിൽ കെ.എസ്.എസ്.എം-ന് ബജറ്റ് വിഹിതമായി പ്രസ്തുത പദ്ധതിക്കായി 54 കോടി രൂപ അനുവദിച്ചതിൽ 15 കോടി രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ആകെ ബജറ്റ് വിഹിതത്തിൽ ഇനിയും 39 കോടി രൂപ അനുവദിക്കാനുള്ളതായി കാണുന്നു. നിരവധി

ജനങ്ങൾക്ക് ഏറെ പ്രയോജനകരമായ ആശ്വാസകിരണം പദ്ധതിയ്ക്കായി ബജറ്റ് വിഹിതമായി അനുവദിക്കുന്ന മുഴുവൻ തുകയും ചെലവഴിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70) കേൾവി സംബന്ധമായ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയായ ശ്രുതിതരംഗം, എർളി ഇന്റർവെൻഷൻ, ആഡിറ്ററി വെർബൽ തെറാപ്പി തുടങ്ങിയവ ഉൾപ്പെടുത്തിയ കാതോരം പദ്ധതി, പ്രോസസ്സർ കേടായാൽ ശരിയാക്കി നൽകുന്ന ധ്വനി എന്നീ പദ്ധതികൾ സാമൂഹ്യനീതി വകുപ്പുമുഖേനയാണ് നടപ്പിലാക്കി വന്നിരുന്നത്. നിലവിൽ കാതോരം പദ്ധതി മാത്രമാണ് സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്നത് . മറ്റ് രണ്ട് പദ്ധതികളും ആരോഗ്യകുടുംബക്ഷേമ വകുപ്പ് മുഖേനയാണ് 2022-23 സാമ്പത്തികവർഷം മുതൽ നടപ്പാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കേൾവിശക്തിയില്ലാത്ത കുഞ്ഞുങ്ങൾക്ക് സഹായകമായിരുന്ന കാതോരം , ശ്രുതിതരംഗം, ധ്വനി തുടങ്ങിയ പദ്ധതികൾ ഏകോപിപ്പിച്ച് ജനോപകാരപ്രദമായ രീതിയിൽ ഒരു വകുപ്പിനു കീഴിൽ തന്നെ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71) സാമൂഹ്യനീതിവകുപ്പിന്റെ കീഴിൽ സാമൂഹ്യക്ഷേമ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന സൊസൈറ്റി എന്ന നിലയിൽ ധാരാളം ജനോപകാരപ്രദമായ പദ്ധതികൾ നടപ്പാക്കുകയും അപേക്ഷകളിന്മേൽ കാലതാമസമില്ലാതെ തീർപ്പുകൽപ്പിച്ച് ജനങ്ങളെ സഹായിക്കുകയും ചെയ്യുന്ന സ്ഥാപനമായി കേരള സാമൂഹ്യസുരക്ഷാമിഷൻ പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72) സാമൂഹ്യനീതി വകുപ്പ് വിവിധ ക്ഷേമപ്രവർത്തനങ്ങൾ വിവിധ വിഭാഗങ്ങൾക്കായി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മയക്കുമരുന്നിന്റെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ആയത് കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മപദ്ധതിയ്ക്കായും മോണിറ്ററിംഗ് ഇവാല്യുവേഷനുമായി ബജറ്റിൽ 2235-60-200-62, 2235-60-200-63 എന്നീ ശീർഷകങ്ങളിലായി അനുവദിക്കുന്ന തുകയുടെ പകുതിപോലും ചെലവാക്കിയതായി കാണുന്നില്ല. സമൂഹത്തെ കാർന്നു തിന്നുന്ന

വിപത്തായ മയക്കുമരുന്നിനെതിരെ പ്രവർത്തിക്കുന്നതിനായി ബജറ്റിൽ അനുവദിക്കുന്ന മുഴുവൻ തുകയും ചെലവാക്കുന്ന രീതിയിൽ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73) വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ പദ്ധതി വിഹിതം നിലവിലുണ്ടെങ്കിലും (ഉദാഹരണമായി 2235-02-101-80, 2235-02-101-72, 2235-02-101-61, 2235-02-101-58 തുടങ്ങിയവ) പ്രസ്തുത ശീർഷകങ്ങളിൽ ബഡ്ജറ്റിൽ തുക അനുവദിച്ചതായും വിനിയോഗിച്ചതായും കാണുന്നില്ല. ആയതിനാൽ ബജറ്റിൽ അനുവദിക്കുന്ന തുക ലഭിക്കേണ്ട വ്യക്തി /പ്രസ്ഥാനത്തിനോ പ്രസ്തുത തുകയുടെ പ്രയോജനം ലഭിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74) സാമൂഹ്യനീതി വകുപ്പുമുഖേന ആവിഷ്കരിക്കുന്ന ജനോപകാരപ്രദമായ എല്ലാ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75) ക്ഷേമപദ്ധതികൾ പലതുണ്ടെങ്കിലും അവയുടെ ഗുണഫലങ്ങൾ അർഹിക്കുന്നവരിലെത്തിക്കേണ്ടത് സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജനതയോടൊപ്പം പൊതുസമൂഹം ഒപ്പമുണ്ടാകുന്നത് പുതിയൊരു മാറ്റത്തിന് തുടക്കമാകും. നിരാലംബരും പാർശ്വവൽകൃതരുമായ പൗരൻമാരെ ചേർത്തുപിടിക്കുവാനും ഏതു സാഹചര്യത്തിലും ഈ സമൂഹം നാടിന്റെ സ്വത്താണെന്ന് തിരിച്ചറിഞ്ഞുള്ള കരുതലും സ്നേഹവും ഇവർക്ക് നൽകുവാനും പൊതുസമൂഹത്തിന് കഴിയട്ടെയെന്ന് സമിതി പ്രത്യാശിക്കുന്നു. സ്വാർത്ഥതയും വിവേചനവും ഇല്ലാത്ത ഇടമായി നമ്മുടെ രാജ്യം മാറുന്നതിന് സാക്ഷ്യം വഹിയ്ക്കാൻ നമുക്ക് കഴിയട്ടെ.

തിരുവനന്തപുരം,
2024 ജൂലൈ 9.

കെ.കെ. ശൈലജടീച്ചർ,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.